# വിടപറഞ്ഞ സാരഥികൾ

**ഇസ്‌ലാമിക പ്രസ്ഥാനത്തിന് ബുദ്ധികൊണ്ടും ശരീരംകൊണ്ടും നേതൃത്വം നൽകിയിരുന്ന എത്രയോ പേർ പിന്നിട്ട വർഷങ്ങളിൽ ഈ ലോകത്തോട് വിടപറയുകയുണ്ടായി. അവരെയെല്ലാം പ്രത്യേകം പ്രത്യേകം അനുസ്മരിക്കുക ഇവിടെ സാധ്യമല്ല. ഇസ്‌ലാമിനും ഇസ്‌ലാമിക സമൂഹത്തിനും അവരർപ്പിച്ച മഹത്തായ സേവനങ്ങൾ മഹത്തായ സൽക്കർമങ്ങളായി സ്വീകരിക്കാനും അവയ്ക്കു അർഹമായ പ്രതിഫലം നൽകുവാനും അല്ലാഹുവിനോട് നമുക്കു പ്രാർഥിക്കാം. അതോടൊപ്പം ജമാഅത്തെ ഇസ്‌ലാമിയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ സംഘടനക്ക് മഹത്തായ നേതൃത്വം നൽകിയ ഏതാനും പ്രമുഖ വ്യക്തികളെ മാത്രം ഹ്രസ്വമായി പരിചയപ്പെടുത്തുകയാണ്.**

## മൗലാനാ അഖ്തർ അഹ്സൻ ഇസ്‌ലാഹി

### (1901 – 1958)

ജമാഅത്തിന്റെ തലച്ചോറുകളിൽ ഒരാളായിരുന്ന മൗലാനാ അഖ്തർ അഹ്സൻ ഇസ്‌ലാഹി, 1901-ൽ ഉത്തർപ്രദേശിലെ അഅ്സംഗഢ് ജില്ലയിലെ ആലുംചക്യ എന്ന സ്ഥലത്താണ് ജനിച്ചത്. സറായെ മീറിലെ പ്രശസ്തമായ അൽ മദ്റസത്തുൽ ഇസ്‌ലാഹിയ്യയിൽനിന്നു വിദ്യാഭ്യാസം പൂർത്തിയാക്കി. പ്രഗത്ഭ പണ്ഡിതനും ഖുർആൻ വ്യാഖ്യാതാവുമായ അല്ലാമാ ഹമീദുദ്ദീൻ അവസാനകാലത്ത് പഠിപ്പിച്ച തിരഞ്ഞെടുക്കപ്പെട്ട വിദ്യാർഥികളിലൊരാളായിരുന്നു അദ്ദേഹം. പിന്നീട് മദ്രസത്തുൽ ഇസ്‌ലാഹിൽ അധ്യാപകനായി നിയമിക്കപ്പെട്ട അക്തർ ഇസ്‌ലാഹി ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ പ്രഥമ അമീർ മൗലാനാ അബുല്ലൈസ് ഇസ്‌ലാഹിയുടെ ഗുരുവര്യൻ കൂടിയാണ്. അവിഭക്ത ജമാഅത്തെ ഇസ്‌ലാമിയിൽ അതിന്റെ ആദ്യനാളുകളിൽ തന്നെ എത്തിച്ചേരുകയും എല്ലാ പ്രവർത്തനങ്ങളിലും അതീവ താൽപര്യത്തോടെ പങ്കെടുക്കുകയും ചെയ്തുപോന്ന അഖ്തർ ഇസ്‌ലാഹി, വിഭജനാനന്തരം ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി രൂപീകരിക്കപ്പെട്ടപ്പോൾ അതിന്റെ നേതൃസ്ഥാനത്തേക്ക് നാമനിർദേശം ചെയ്യപ്പെട്ടിരുന്നു. എന്നാൽ തന്റെ ശിഷ്യനായ മൗലാനാ അബുല്ലൈസ് ഇസ്‌ലാഹിയുടെ പേരു നിർദേശിച്ചു കൊണ്ടു വിനയാന്വിതനായി അദ്ദേഹം പിന്നോട്ട് മാറി നിൽക്കുകയും മരണം വരെ സ്വന്തം ശിഷ്യന്റെ നേതൃത്വത്തിൻ കീഴിൽ അനുസരണയുള്ള ഒരനുയായിയായി ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം വഹിക്കുകയും ചെയ്തു. 1958 ഒക്ടോബർ എട്ടിനാണ് അഖ്‌ർ അഹ്സൻ ഇസ്‌ലാഹി അന്തരിച്ചത്. അതുവരെയും ജമാഅത്തിന്റെ കേന്ദ്ര ശൂറയിൽ അംഗമായിരുന്നു.

## അനീസുദ്ദീൻ അഹ്മദ്

### (1916 – 1792)

മൗലാനാ അനീസുദ്ദീൻ അഹ്മദ് 1916-ൽ ബീഹാറിലെ ദർഭംഗ ജില്ലയിലെ ലാൽബാഗിലാണ് ജനിച്ചത്. പിതാവ് ജനാബ് ഇൽമുദ്ദീൻ സോൾ പ്രശസ്തനായ ഒരു ഭിഷഗ്വരനായിരുന്നു. 1950-ലാണ് അനീസുദ്ദീൻ അഹ്മദ് ജമാഅത്തിൽ ചേർന്നത്. 1938 മുതൽ 1948 വരെ ഗവൺമെന്റ് സർവീസിലായിരുന്നു അദ്ദേഹം. ജമാഅത്തിൽ ചേരുമ്പോൾ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽ സൂപ്രണ്ട് ആയിരുന്നു. ജമാഅത്തിൽ ചേർന്ന ഉടനെ ആ ജോലി ഉപേക്ഷിച്ചു. പിന്നീട് മുസഫർപൂരിലെ ആബിദാ ഹൈസ്കൂളിൽ അധ്യാപകനായി ചേർന്നെങ്കിലും അതും ഇസ്‌ലാമിക പ്രസ്ഥാന പ്രവർത്തനങ്ങൾക്ക് വേണ്ടി ഉപേക്ഷിക്കുകയാണ് ചെയ്തത്.

1956-ൽ ദക്ഷിണ ബീഹാർ ഹൽഖയുടെ അമീറായി നിശ്ചയിക്കപ്പെട്ട അനീസുദ്ദീൻ അഹ്മദ് 'അദ്ദഅ്‌വ'യുടെയും പിന്നീട് 'ദഅ്‌വത്തി'ന്റെയും പത്രാധിപരായിരുന്ന സൽമാൻനദ്‌വിയിൽനിന്ന് അറബി ഭാഷ പഠിച്ച ശേഷമാണ് ആ ഉത്തരവാദിത്തം ഏറ്റെടുത്തത്. 1952 സപ്തംബർ 22-നു മരിക്കുന്നത് വരെ ബീഹാർ ഹൽഖയുടെ അമീറായി സേവനമനുഷ്ഠിച്ചു. 1957-ൽ കേന്ദ്രശൂറയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹം മരിക്കുന്നത് വരെയും അതിൽ അംഗമായിരുന്നു. 1960-ൽ ജമാഅത്തിന്റെ അഖിലേന്ത്യാ സമ്മേളനം ഡൽഹിയിൽവച്ച് നടത്താൻ തീരുമാനമായി. ജമാഅത്ത് ആസ്ഥാനം റാംപൂരിൽ നിന്ന് ഡൽഹിയിലേക്കു മാറ്റിക്കൊണ്ടിരിക്കുന്ന കാലമായിരുന്നു അത്. ജമാഅത്ത് പ്രവർത്തകർക്ക് ഡൽഹിയിൽ വേണ്ടത്ര പരിചയമുണ്ടായിരുന്നില്ല. ഈ വിഷമത്തെ അതിജീവിച്ചുകൊണ്ട് ഡൽഹി സമ്മേളനത്തെ വമ്പിച്ച വിജയമാക്കിത്തീർക്കുന്നതിൽ സമ്മേളന നാസിമായിരുന്ന അദ്ദേഹം വഹിച്ച പങ്ക് നിസ്സീമമാണ്. 1964-ലെ കൽക്കാത്ത റിലീഫ് പ്രവർത്തനങ്ങളിലും 1967-ലെ റാഞ്ചി ദുരിതാശ്വാസപരിപാടികളിലും അദ്ദേഹം സജീവമായി പങ്കെടുക്കുകയുണ്ടായി. 1976 സപ്തംബറിൽ കേന്ദ്ര മജ്‌ലിസ് ശൂറാ യോഗത്തിൽ പങ്കെടുത്തുകൊണ്ടിരിക്കെയാണ് അനീസുദ്ദീൻ അഹ്മദ് അന്ത്യശ്വാസം വലിച്ചത്.

## അബ്ദുറസ്സാഖ് ലത്വീഫി

### (1928 – 1975)

ആന്ധ്രാപ്രദേശിലെ കൃഷ്ണാ ജില്ലയിൽ പത്മറോ എന്ന സ്ഥലത്ത് 1928 ആഗസ്റ്റ് 20-നാണ് അബ്ദുറസ്സാഖ് ലത്വീഫ് ജനിച്ചത്. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ആരംഭകാലത്ത് തന്നെ അതുമായി ബന്ധപ്പെട്ട ആന്ധ്രാപ്രദേശിലെ ചുരുക്കം ചില ചെറുപ്പക്കാരിലൊരാളാണദ്ദേഹം.

1951-ൽ ജമാഅത്തിൽ അംഗത്വമെടുത്ത ലത്വീഫി മനക്കുത്തും പൗരുഷവും കർമവീര്യവും വിപ്ലവാവേശവും തുടിച്ചു നിന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. നേതൃത്വസിദ്ധി, സംഘടനാശേഷി, ക്ഷമാ

ശീലം തുടങ്ങിയ ഒട്ടനവധി മഹദ്ഗുണങ്ങൾകൊണ്ട് അനുഗ്രഹീതനായിരുന്നു. 1955-ൽ ജമാഅത്തിന്റെ കേന്ദ്രമജ്‌ലിസ് ശൂറയിൽ അംഗമായ അദ്ദേഹം പിന്നീട് ജ.ഇ. ആന്ധ്രാ ഹൽഖയുടെ അമീറായും വളരെക്കാലം സേവനമനുഷ്ഠിച്ചു. ആന്ധ്രാ ഹൽഖ അദ്ദേഹത്തിനു കീഴിൽ ദ്രുതഗതിയിൽ പുരോഗതി പ്രാപിച്ചു. 1967-ൽ ഹൈദരബാദിൽ നടന്ന ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ സമ്മേളനത്തിന്റെ കൺവീനർ ലത്വീഫീ സാഹിബായിരുന്നു. നിസാമാബാദ്, അഹ്മദാബാദ് കലാപങ്ങളിൽ ദുരിതബാധിത പ്രദേശങ്ങളിലെ റിലീഫ് പ്രവർത്തനങ്ങളിൽ അദ്ദേഹം സജീവ പങ്കുവഹിച്ചിട്ടുണ്ട്. 1975 ഫെബ്രുവരി 2-നായിരുന്നു മരണം.

## മുഹമ്മദ് യൂസുഫ് സിദ്ദീഖി
## (1904 – 1976)

1904-ൽ ബാഗ്പത്തിൽ, ടോങ്കിലെ പ്രശ്സ്തമായ ഒരു കുടുംബത്തിലാണ് യൂസുഫ് സിദ്ദീഖി ജനിച്ചത്. സയ്യിദ് അഹ്മദ് ഷഹീദിന്റെ കൂടെ ബാലാകോട്ടിലെ ചരിത്രപ്രസിദ്ധമായ ജിഹാദിൽ ഈ കുടുംബത്തിലെ ആളുകൾ പങ്കെടുത്തിരുന്നു. സിദ്ദീഖിയുടെ പിതാവ് മുഹമ്മദ് യഅ്ഖൂബ്ഖാൻ സ്ഥലത്തെ കീർത്തികേട്ട വ്യക്തിത്വങ്ങളിലൊരാളായിരുന്നു. ഗാന്ധിജിയുടെയും മൗലാനാ മുഹമ്മദലിയുടെയും ആഹ്വാനം ശ്രവിച്ച് അലീഗർ മുസ്‌ലിം യൂനിവേഴ്സിറ്റി വിട്ടിറങ്ങിയ 19 വിദ്യാർഥികളിൽ ഒരാളായിരുന്നു അദ്ദേഹം. 1920 ഒക്ടോബർ 29-നു "ജാമിഅ മില്ലിയ്യ ഇസ്‌ലാമിയ്യ'' സ്ഥാപിക്കാൻ മൗലാനാ മൗദൂദിയെ സഹായിച്ച അദ്ദേഹം ജാമിഅയുടെ ആദ്യകാലസന്തതികളിലൊരാളിൽ പെടുന്നു. മൗലാനാ മൗദൂദിയുമായി അദ്ദേഹത്തിന് അടുത്ത വ്യക്തിബന്ധം ഉണ്ടായിരുന്നു.

മുഹമ്മദ് യൂസുഫ് സിദ്ദീഖി മൗലാനാ മൗദൂദിയുടെ തന്നെ കൈകളാലാണ് ജമാഅത്തിൽ ചേർന്നത്. 1947 ഏപ്രിൽ 17, 18 തിയ്യതികളിൽ രാജസ്ഥാനിലെ ടോങ്കിൽ നടന്ന ജമാഅത്തിന്റെ മേഖലാ സമ്മേളനത്തിന്റെ കൺവീനർ യൂസുഫ് സിദ്ദീഖിയായിരുന്നു.

മൗലാനാ മൗദൂദിയും മിയാൻ തുഫൈൽ മുഹമ്മദ് സാഹിബും പങ്കെടുത്ത സമ്മേളനമായിരുന്നു ഇത്. വിഭജനാനന്തരം സിദ്ദീഖി ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ കേന്ദ്രശൂറയിലേക്കു തെരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യൻ ജമാഅത്തിന്റെ പ്രമുഖ നേതാക്കളിലൊരാളായിരുന്നു അദ്ദേഹം.

1963-ൽ ഇന്ത്യൻ മുസ്‌ലിംകൾക്ക് ഒരു ഇംഗ്ലീഷ് മാധ്യമത്തിന് തുടക്കമിട്ടത് സിദ്ദീഖിയാണ്. ഈയുദ്ദേശാർഥം മറ്റു മുസ്‌ലിം പ്രമുഖരെ കൂടി ഉൾപെടുത്തി ഡൽഹിയിൽ ബോഡ് ഓഫ് ഇസ്‌ലാമിക് പബ്ലിക്കേഷൻസ് സ്ഥാപിച്ചു. അതിന്റെ കീഴിൽ 1963 ജൂലൈ 27-ന് 'റേഡിയൻസ്' ആരംഭിച്ചപ്പോൾ അതിന്റെ മാനേജിംഗ് എഡിറ്റർ സിദ്ധീഖി സാഹിബായിരുന്നു. പിന്നീട് എഡിറ്ററായും സേവനമനുഷ്ഠിക്കുകയുണ്ടായി. 1975-ൽ അടിയന്തരാവസ്ഥകാലത്ത് 'റേഡിയൻസ്' നിരോധിക്കപ്പെട്ടു. 1977 മെയ് 23-ന് നിരോധം പിൻവലിച്ച് വാരിക പുനപ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ അതിന് ജീവൻപകരാൻ സിദ്ദീഖി സാഹിബ് ഉണ്ടായിരുന്നില്ല.

അടിയന്തരാവസ്ഥക്കാലത്ത് മറ്റു ജമാഅത്ത് പ്രവർത്തകരോടൊപ്പം അറസ്റ്റ് ചെയ്യപ്പെട്ട അദ്ദേഹം 1976 ഏപ്രിൽ മധ്യവാരം വരെ ജയിലിൽ കഴിച്ചുകൂട്ടി. പുറത്ത് വന്നപ്പോൾ ഭാര്യയുടെ രോഗവിവരമറിഞ്ഞ് അവരുടെ ചികിത്സക്കു വേണ്ടി ജയ്പൂരിലേക്ക് പോയ അദ്ദേഹം അവിടെവെച്ച് അന്ത്യശ്വാസം വലിക്കുകയായിരുന്നു. 1976 മെയ് 4-ന് ടോങ്കിൽ അദ്ദേഹത്തിന്റെ ഖബറടക്കം നടന്നു.

## മുഹമ്മദ് മുസ്‌ലിം
## (1920 – 1986)

1920 സപ്തംബർ 20-ന് ഭോപാലിൽ ജനിച്ച മുഹമ്മദ് മുസ്‌ലിം സാഹിബ് 1951-ലാണ് ജമാഅത്തെ ഇസ്‌ലാമിയുമായി ബന്ധപ്പെടുന്നത്. ദീർഘകാലം ജമാഅത്തിന്റെ കേന്ദ്രമജ്‌ലിസ് ശൂറയിൽ അംഗമായിരുന്നു. ഖാക്സാർ പ്രസ്ഥാനത്തിലൂടെ പൊതുപ്രവർത്തനമാരംഭിച്ച അദ്ദേഹം ഒരു പത്രപ്രവർത്തകനെന്ന നിലക്കാണ് കൂടുതൽ കീർത്തി നേടിയത്. 1938 മുതൽ 1952 വരെ ഭോപാലിലെ ഉർദുദിനപത്രമായ 'നദീമി'ലായിരുന്നു. 1953-ൽ ജമാഅത്തിന്റെ ഉർദു മുഖപ്രമായ 'ദഅ്‌വത്തി'ൽ പത്രാധിപരായി നിയമിക്കപ്പെട്ടു. അസ്ഗറലി ആബിദിക്കു ശേഷം അതിന്റെ ചീഫ് എഡിറ്ററായി 25 വർഷം ദഅ്‌വത്തിൽ സേവനമനുഷ്ഠിച്ചു.

മുസ്‌ലിം സമുദായത്തിന്റെ ഐക്യത്തിന് വേണ്ടി മുസ്‌ലിം സാഹിബ് നടത്തിയ കഠിനയത്നത്തിന്റെ സന്തതിയത്രെ മുസ്‌ലിം മജ്‌ലിലെ മുശാവറ. മുശാവറയുടെ മുഖ്യശിൽപിയെന്ന് വല്ലവരെയും വിശേഷിപ്പിക്കാമെങ്കിൽ ആ പദവി ഏറ്റവും അർഹിക്കുന്നത് അദ്ദേഹമാണ്.

സത്യസന്ധത കൈവിടാതെ സ്വതന്ത്രമായ അഭിപ്രായ പ്രകടനം നടത്തിയ അദ്ദേഹം സത്യത്തിനും നീതിക്കും വേണ്ടി മാത്രമേ തൂലിക ചലിപ്പിക്കുകയുണ്ടായുള്ളൂ. മിക്ക രാഷ്ട്രീയ പ്രശ്നങ്ങളെക്കുറിച്ചും വ്യക്തമായും സമചിത്തത പാലിച്ചുകൊണ്ടും അദ്ദേഹം അഭിപ്രായ പ്രകടനം നടത്തിയിരുന്നു. ദഅ്‌വത്തിൽ മുസ്‌ലിം സാഹിബ് എഴുതിയ മുഖപ്രസംഗങ്ങൾ ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു. ഒരിക്കലുമദ്ദേഹം വികാരത്തിന് അടിമപ്പെടില്ല. എന്നാൽ അഭിപ്രായങ്ങൾ ധീരമായും വ്യക്തമായും പ്രകടിപ്പിക്കുന്നതിൽ വരുംവരായ്കളെ ഭയപ്പെട്ടിരുന്നില്ല. ലളിതമായ ഒരു ജീവിതമാണ് അദ്ദേഹം നയിച്ചിരുന്നത്.

പത്രലോകത്ത് മുസ്‌ലിം സാഹിബ് ഏറെ ആദരിക്കപ്പെട്ടിരുന്നു. അദ്ദേഹം മരിച്ചപ്പോൾ അനുസ്മരണമെഴുതിയവരിൽ കുൽദീപ് നയ്യാറും ഐ.കെ. ഗുജ്റാലും പെടുന്നു. 1986 ജുലൈ 19-ന് ബ്ലിറ്റ്സ് വാരിക എഴുതിയ മുഖപ്രസംഗത്തിൽ അഭിപ്രായപ്പെട്ടത് "മുസ്‌ലിംസാഹിബിന്റെ നിര്യാണത്തോടെ പത്രപ്രവർത്തനരംഗം ശൂന്യമായി" എന്നാണ്. 86 ജൂലൈ 19-നാണ് മുസ്‌ലിം സാഹിബ് അന്തരിച്ചത്.

## മൗലാനാ ഉറൂജ് ഖാദിരി
## (1913 – 1986)

മൗലാനാ ഉറൂജ് ഖാദിരി 1913 മാർച്ച് 24-ന് ബീഹാറിലെ ഔറംഗാബാദ് ജില്ലയിൽ അംസറിലെ ഒരു പണ്ഡിത കുടുംബത്തിലാണ് ജനിച്ചത്. പിതാവ് സയ്യിദ് ഷാഹ് ഉബൈദുല്ലാ ഖാദിരി 'മദ്രസാ ശംസുൽ ഹുദാ ഇസ്‌ലാമിയ്യ'യിലെ 'ശൈഖുത്തഫ്സീർ' ആയിരുന്നു. വിദ്യാഭ്യാസം പൂർത്തിയാക്കിയതിനു ശേഷം ആദ്യം സഹസ്രാമിലെ മദ്രസാഖാൻഗാഹിലും പിന്നീട് ബീഹാർ ശരീഫിലെ മദ്രസാ അസീസിയ്യയിലും സേവനമനുഷ്ഠിച്ച അദ്ദേഹം 1943-ൽ പാറ്റ്നയിലെ മദ്രസ ശംസുൽ ഹുദയിൽ നിയമിക്കപ്പെട്ടു. ഖുർആൻ, ഹദീസ്, ഫിഖ്ഹ് എന്നിവയിൽ അഗാധ പാണ്ഡിത്യമുണ്ടായിരുന്ന ഉറൂജ് ഖാദിരി ഖുർആൻ പഠിച്ചത് മുഖ്യമായും സ്വന്തം പിതാവിൽനിന്ന് തന്നെയാണ്. ഇതിനെക്കുറിച്ച് അദ്ദേഹം ഒരിക്കൽ അനുസ്മരിക്കുകയുണ്ടായി. എന്റെ ഖുർആൻ പഠനത്തിനുള്ള മുഴുവൻ ബഹുമതിയും പിതാവിനാണ്. ഞാൻ ശംസുൽ ഹുദാ മദ്രസയിൽ അദ്ദേഹത്തിന്റെ ക്ലാസുകളിൽ കൃത്യമായി പങ്കെടുക്കാറുണ്ടായിരുന്നു."

1945-ൽ ഡോക്ടർ നൂറുൽ ഐൻ സാഹിബാണ് മൗലാനാ മൗദൂദിയുടെ ഗ്രന്ഥങ്ങൾ ഉറൂജ് ഖാദിരിക്ക് പരിചയപ്പെടുത്തിക്കൊടുത്തത്. "അൽ ജിഹാദു ഫിൽ ഇസ്‌ലാം", "മുസൽമാൻ ഔർ മജ്ഊദസിയാസി കശ്മകശ്" എന്നിവ വായിച്ചു കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ചിന്താഗതിയിൽ സാരമായ മാറ്റം സംഭവിച്ചിരുന്നു. ഡോക്ടർ നൂറുൽ ഐൻ പറഞ്ഞറിഞ്ഞു 1946-ൽ ഇലാഹാബാദിലെ ഹർവാറയിൽ തന്നെ ജമാഅത്തിന്റെ അഖിലേന്ത്യാ സമ്മേളനത്തിൽ പങ്കെടുത്ത അദ്ദേഹത്തിന് മൗദൂദിയുമായി നേരിട്ട് സംസാരിക്കാൻ അവസരം സിദ്ധിച്ചു. അതേ വർഷം തന്നെ ജമാഅത്തിൽ അംഗത്വമെടുത്ത അദ്ദേഹത്തിന് ജമാഅത്തുമായുള്ള ബന്ധം കാരണമായി മദ്രസാ സംശുൽ ഹുദായിലെ ജോലി ഉപേക്ഷിക്കേണ്ടി വന്നു.

1960-ൽ റാംപൂരിലേക്ക് പോയ അദ്ദേഹം അവിടെ ജമാഅത്തിന്റെ സാനവി ദർസ് ഗാഹിൽ അധ്യാപകനായി നിയമി

ക്കപ്പെട്ടു. അതേവർഷം തന്നെ ജമാഅത്തിന്റെ സിന്ദഗി മാസികയുടെ പത്രാധിപരായി നിമിതനായി. 'സിന്ദഗി' ആദ്യം 'ദാനിഷ്' എന്ന പേരിലാണ് പുറത്തിറങ്ങിയിരുന്നത്. ഇപ്പോൾ 'സിന്ദഗി നൗ' എന്ന പേരിൽ മൗലാനാ ജമാലുദ്ദീൻ ഉമരിയുടെ പത്രാധിപത്യത്തിൽ പുറത്തിറങ്ങുന്നു.

ഒന്നിലധികം തവണ ജമഅത്തിന്റെ അഖിലേന്ത്യാ ആക്ടിംഗ് അമീറായി സേവനമനുഷ്ഠിച്ചിട്ടുള്ള അദ്ദേഹം കേന്ദ്ര മജ്‌ലിസ് ശൂറയിൽ ദീർഘകാലം പ്രവർത്തിക്കുകയും പലതവണ ജയിൽവാസം അനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. പ്രഗത്ഭനായ പണ്ഡിതൻ, ഫഖീഹ് എന്നതിനു പുറമെ വിഖ്യാതനായ ഒരു ഗ്രന്ഥകാരനും കവിയും കഥാകൃത്തും കൂടിയാണദ്ദേഹം. 23 ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ "തുഹ്ഫ സിന്ദാൻ" അടിയന്തരാവസ്ഥക്കാലത്ത് തടവിൽ വച്ചെഴുതിയ കവിതകളുടെ സമാഹാരമാണ്. മൗലാനാ അബുൽ ഹസൻഅലി നദ്‌വി, മൗലാനാ മൗദൂദിയെ വിമർശിച്ചുകൊണ്ടെഴുതിയ "ദീനിന് രാഷ്ട്രീയ വ്യാഖ്യാനമോ" എന്ന കൃതിക്ക് ഉറൂജ് ഖാദിരി എഴുതിയ മറുപടി അദ്ദേഹത്തിന്റെ പാണ്ഡിത്യത്തെയും പക്വതയാർന്ന രചന ശൈലിയുടെയും നിദർശനമാണ്.

ഇസ്‌ലാമിന് രാഷ്ട്രീയ വ്യാഖ്യാനമോ? എന്ന പേരിൽ ഈ കൃതി ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ് മലയാളത്തിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1986 മെയ് 17-നാണ് ഉറൂജ് ഖാദിരി അന്തരിച്ചത്.

## അബൂസലീം അബ്ദുൽഹയ്യ്

ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിക്ക് വിവിധ നിലകളിൽ സേവനമനുഷ്ഠിച്ച മൗലാനാ അബൂസലീം അബ്ദുൽ ഹയ്യ് 1946-ലാണ് ജമാഅത്തിൽ ചേർന്നത്. മൗലാനാ മൗദൂദിയുടെ പ്രേരണ പ്രകാരം 1947-ൽ റാംപൂരിൽനിന്ന് പ്രശസ്തമായ 'അൽഹസനത്ത്' മാസിക പ്രസിദ്ധീകരിച്ചു തുടങ്ങി. വിദ്യാഭ്യാസം കുറഞ്ഞവരിൽ പ്രത്യേകിച്ചും സ്ത്രീകളിൽ, ഇസ്‌ലാമികമായ ഉണർവ് സൃഷ്ടിക്കാനും അങ്ങനെ അവരെ ഇസ്‌ലാമിക പ്രസ്ഥാനത്തോട് അടുപ്പിക്കാനും പ്രസ്തുത മാസികയിലൂടെ നടത്തിയ ശ്രമം മറക്കാനാവാത്തതാണ്. 1948-ൽ ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി രൂപീകൃതമായപ്പോൾ അതിന്റെ കേന്ദ്ര മജ്‌ലിസ് ശൂറയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അദ്ദഹം 1980-വരെ അതിൽ അംഗമായിരുന്നു. ജമാഅത്തിന്റെ കേന്ദ്ര ഓഫീസും ദർസ്ഗാഹും ആദ്യം മലീഹാബാദിലായിരുന്നു. പിന്നീട് അവ രണ്ടും റാംപൂരിലേക്ക് മാറ്റിക്കുന്നതിൽ പ്രധാന പങ്കു വഹിച്ചത് അബ്ദുൽ ഹയ്യാണ്. 1950-ൽ ഹിന്ദി ദേശീയ ഭാഷയായി പ്രഖ്യാപിച്ചപ്പോൾ ഹിന്ദി അറിയുന്ന കുട്ടികൾക്കു വേണ്ടി "ഉജാലാ" എന്ന പേരിൽ ഒരു ബാലമാസിക അദ്ദേഹം തുടങ്ങി. പിന്നീട് മായിൽ വൈറാബാദിയുമായി സഹകരിച്ച് "നൂർ" എന്ന പേരിൽ ഉർദുവിൽ ഒരു ദ്വൈവാരികയും ഇറക്കുകയുണ്ടായി.

സാധാരണക്കാരായ ആളുകളെ ഉദ്ദേശിച്ചുകൊണ്ട് ലളിതഭാഷയിൽ നിരവധി പുസ്തകങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്. മൗലാനാ മുഹമ്മദ് ഫാറൂഖ് ഖാന്റെ ഹിന്ദി ഖുർആൻ പരിഭാഷയുടെ പ്രസിദ്ധീകരണത്തിന് മേൽനോട്ടം വഹിച്ചത് അബ്ദുൽ ഹയ്യായിരുന്നു. 1954-ൽ അന്നത്തെ ആക്ടിംഗ് അമീറായിരുന്ന മൗലാനാ സദ്റുദ്ദീൻ ഇസ്‌ലാഹിയുടെ കൂടെ ജയിൽവാസമനുഷ്ഠിക്കുന്ന കാലത്താണ് തന്റെ പ്രശസ്തമായ 'ഹയാത്തെ ത്വയ്യിബ' എന്ന നബി ചരിത്രം അദ്ദേഹമെഴുതിയത്. ഇതിന്റെ മലയാള പരിഭാഷ ഐ.പി.എച്ച്. പ്രസിദ്ധീകരിച്ചിട്ടുണ്ട്. റാംപൂരിലെ പ്രസിദ്ധമായ "മദ്രസത്തുസ്സാലിഹാത്ത്" എന്ന വനിതാ കോളേജിന്റെ മുഖ്യ ശിൽപി അബ്ദുൽ ഹയ്യാണ്. 1987 ജൂലൈ 15-ന് റാംപൂരിൽ അന്തരിച്ചു.

## മൗലാനാ മുഹമ്മദ് യൂസുഫ് (1908 – 1991)

ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയെ കെട്ടിപ്പടുക്കുന്നതിന് മഹത്തായ സേവനമനുഷ്ഠിച്ച മഹാനാണ് മുഹമ്മദ് യൂസുഫ് സാഹിബ്. മുസ്‌ലിം നാടുകളിൽ ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിക്ക് പേരും പ്രസിദ്ധിയും ഉണ്ടാക്കിക്കൊടുക്കുന്നതിൽ അദ്ദേഹത്തോളം പങ്കുവഹിച്ച മറ്റൊരു നേതാവ് ഉണ്ടായിരിക്കയില്ല. മൗലാനാ തഫസൽ ഹുസൈന്റെ പുത്രനായ യൂസുഫ് സാഹിബ് 1908 ജനുവരി 9-ന് ഉത്തർപ്രദേശിലെ ബാൻസ് ബറേലിയിലാണ് ജനിച്ചത്. ഇലാഹാബാദ് ജില്ലാ കോടതിയിലെ റീഡറായ അദ്ദേഹം ജോലി രാജിവെച്ചുകൊണ്ടാണ് ജമാഅത്തെ ഇസ്‌ലാമിയിലേക്കു കടന്നുവന്നത്. 1946-ൽ ജമാഅത്തിൽ അംഗത്വമെടുത്തു. 1948-ൽ ഇലാഹാബാദിൽ ചേർന്ന ജമാഅത്തെ ഇസ്‌ലാമി രൂപീകരണ സമ്മേളനത്തിൽ പങ്കെടുത്ത അദ്ദേഹം അതേവർഷം തന്നെ ജമാഅത്തിന്റെ ഖയ്യിം (ജനറൽ സെക്രട്ടറി) ആയി തെരഞ്ഞെടുക്കപ്പെട്ടു. 1972-ൽ അഖിലേന്ത്യാ അമീറായ അദ്ദേഹം 1981 വരെ പ്രസ്തുത സ്ഥാനത്ത് തുടർന്നു. 1974-ൽ ഡൽഹിയിലും 1981-ൽ ഹൈദരാബാദിലും രണ്ട് അഖിലേന്ത്യാ സമ്മേളനം നടന്നത് അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ്.

വിശുദ്ധ ഖുർആൻ ഇന്ത്യയിലെ 12 ഭാഷകളിലേക്ക് തർജമ ചെയ്യപ്പെട്ടതാണ് യൂസുഫ് സാഹിബിന്റെ കാലത്ത് നടന്ന ഒരു പ്രധാന സംഭവം. 'റേഡിയൻസ്' ഇംഗ്ലീഷ് വാരികയുടെ പ്രസാധകരായ ബോർഡ് ഓഫ് ഇസ്‌ലാമിക് പബ്ലിക്കേഷൻസ് 1963-ൽ സ്ഥാപിതമായപ്പോൾ അതിന്റെ ചെയർമാൻ യൂസുഫ് സാഹിബായിരുന്നു. ഉർദു, അറബി, ഇംഗ്ലീഷ് ഭാഷകളിൽ നന്നായി പ്രസംഗിക്കാൻ യൂസുഫ് സാഹിബിന്നു കഴിയുമായിരുന്നു. ലാളിത്യം മുറ്റിനിൽക്കുന്ന ജീവിത ശൈലിയും വിനയം തുളുമ്പുന്ന പെരുമാററവും ആ വ്യക്തിത്വത്തിന് സവിശേഷമായ ഒരാകർഷണത്വം നൽകിയിരുന്നു. മുഹമ്മദ് യൂസുഫ് സാഹിബ് അമീറായിരുന്ന കാലത്താണ്, അടിയന്തരാവസ്ഥയിൽ ജമാഅത്തെ ഇസ്‌ലാമി നിരോധിക്കപ്പെട്ടത്. തുടർന്ന് ജമാഅത്തിന്റെ മറ്റു നേതാക്കളോടൊപ്പം അദ്ദേഹവും അറസ്റ്റു ചെയ്യപ്പെട്ടു. മുൻ പാക് പ്രാധാനമന്ത്രി ഭൂട്ടോ തൂക്കിലേറ്റപ്പെട്ടതിനെ തുടർന്നു ജമാഅത്തെ ഇസ്‌ലാമിക്ക് അനുഭവിക്കേണ്ടിവന്ന കഠിന പ്രയാസങ്ങളെ അനാവരണം ചെയ്യുന്നതാണ് "യാ ലൈത ഖൗമീ യഅ്‌ലമൂൻ" എന്ന അദ്ദേഹത്തിന്റെ കൃതി. 1982-ൽ അമീർ സ്ഥാനത്ത്നിന്ന് വിരമിച്ചശേഷം റാംപൂരിലേക്ക് പോയ അദ്ദേഹം 1991 ജൂലൈ 4-ന് അന്തരിച്ചു.

## അഫ്സൽ ഹുസൈൻ സാഹിബ് (1918 – 1990)

പ്രഗത്ഭനായൊരു വിദ്യാഭ്യാസ വിചക്ഷണനും ജമാഅത്തെ ഇസ്‌ലാമിയുടെ വിദ്യാഭ്യാസ പദ്ധതികളുടെ ജീവതന്തുവുമായിരുന്നു അഫ്സൽ ഹുസൈൻ സാഹിബ്. 1918 ഫെബ്രുവരി ഒന്നിന് ഉത്തർപ്രദേശിലെ അജീറയിൽ മൻസിബ് ദാർഖാന്റെ പുത്രനായി ജനിച്ചു. അലീഗർ യൂനിവേർസിറ്റിയിൽ നിന്നാണ് ബിരുദമെടുത്തത്. അദ്ദേഹം യൂനിവേർസിറ്റിയിൽ പഠിച്ചുകൊണ്ടിരിക്കെയാണ് ജമാഅത്തിൽ ആകൃഷ്ടനായത്. 1946-ൽ ജമാഅത്തിൽ അംഗത്വമെടുത്തു. 1949 ജനുവരി ഒന്നിന് മലീഹാബാദിൽ ജമാഅത്തിന്റെ 'മർക്കസിദർസ്ഗാഹ്' സ്ഥാപിതമായപ്പോൾ അതിന്റെ ഡയറക്ടറായി നിയമിക്കപ്പെട്ടത് അഫ്സൽ ഹുസൈൻ സാഹിബായിരുന്നു. അതിനുമുമ്പ് പഠാൻകോട്ടിലെ നിർദിഷ്ഠ ദർസ്ഗാഹിന്റെ മേധാവിയായി നിശ്ചയിക്കപ്പെട്ടിരുന്നുവെങ്കിലും വിഭജനത്തിനു തൊട്ടുമുമ്പത്തെ സ്ഥിതിവിശേഷങ്ങൾ ആ സ്ഥാനം ഏറ്റെടുക്കുന്നതിനു തടസ്സമായിത്തീർന്നു. മലീഹാബാദിൽനിന്ന് മർകസി ദർസ്ഗാഹ് റാംപൂരിലേക്കു മാറ്റിയ ശേഷവും അദ്ദേഹം തന്നെയായിരുന്നു അതിന്റെ ഡയറക്ടർ. 1961 വരെ ആ സ്ഥാനമദ്ദേഹം തുടർന്നു. ദർസ് ഗാഹിന്റെ മേൽനോട്ടം വഹിച്ചുകൊണ്ടിരിക്കെ ഇസ്‌ലാമിക പാഠ്യപദ്ധതിയനുസരിച്ച് വിവിധ ക്ലാസുകളിലേക്കായി ഒട്ടനവധി പുസ്തകങ്ങൾ അദ്ദേഹം തയാറാക്കുകയുണ്ടായി. 1961-ൽ ജമാഅത്തിന്റെ അസിസ്റ്റന്റ് സെക്രട്ടറിയായ അഫ്സൽ ഹുസൈൻ സാഹിബ് 1967-ൽ ജനറൽ സെക്രട്ടറിയാവുകയും മരണം വരെ ആ സ്ഥാനത്ത് തുടരുകയും ചെയ്തു. പാഠപുസ്തകങ്ങളും മറ്റുമായി എഴുപത്തഞ്ചിൽപരം കൃതികൾ രചിച്ചിട്ടുള്ള അദ്ദേഹത്തിന്റെ "ഫന്നെ തഅലീം വ തർബി

യ്യത്ത്" എന്ന കൃതി വിദ്യാഭ്യാസ ശിക്ഷണ കലയെക്കുറിച്ച് എഴുതപ്പെട്ടിട്ടുള്ള മികച്ച കൃതികളിലൊന്നാണ്. മഹാരാഷ്ട്ര ഗവൺമെണ്ട് അംഗീകരിച്ച ഈ കൃതിക്ക് ഇന്ത്യയിലും പാക്കിസ്ഥാനിലും നിരവധി പതിപ്പുകൾ പുറത്തിറങ്ങിയിട്ടുണ്ട്. ഈയിടെയായി ബംഗ്ലാദേശിലെ ഒരു വിദ്യാഭ്യാസ സമിതി അതിന്റെ ബംഗാളി പതിപ്പും പുറത്തിറക്കുകയുണ്ടായി. 1990 ജനുവരി ഒന്നിനാണ് അഫ്സൽ ഹുസൈൻ സാഹിബ് അന്തരിച്ചത്.

## സയ്യിദ് ഹാമിദ് ഹുസൈൻ (1920 – 1985)

ജമാഅത്തിന്റെ കരുത്തരായ അമരക്കാരിലൊരാളായിരുന്നു സയ്യിദ് ഹാമിദ് ഹുസൈൻ സാഹിബ്. 1920 ഫെബ്രുവരിയിൽ മഹാരാഷ്ട്രയിലെ അമരാവതി ജില്ലയിലെ എലിച്ച്പൂരിലാണ് ജനിച്ചത്. മൗലവി ലിയാഖത്ത് ഹുസൈനാണ് പിതാവ്. രണ്ടാം ലോകമഹായുദ്ധകാലത്ത് ഹാമിദ് ഹുസൈൻ സാഹിബ് ഒരു മിലിട്ടറി സ്കൂളിൽ അധ്യാപകനായിരുന്നു. പിന്നീട് ഒരു ഹൈസ്കൂളിൽ അധ്യാപകനായി ചേർന്ന അദ്ദേഹം 1949-ൽ ജമാഅത്തിൽ ചേർന്നപ്പോൾ പ്രസ്തുത ജോലി രാജിവെച്ചു. പിന്നീട് ജമാഅത്തിന്റെ ഹൈദരാബാദ് ഹൽഖയുടെ അസിസ്റ്റന്റ് സെക്രട്ടറിയും തുടർന്ന് ജനറൽ സെക്രട്ടറിയുമായി. 1954-ൽ മൗലാനാ അബുല്ലൈസ് ഇസ്ലാഹിയും മൗലാനാ സദ്റുദ്ദീൻ ഇസ്ലാഹിയും അറസ്റ്റ് ചെയ്യപ്പെട്ടപ്പോൾ ജമാഅത്തിന്റെ ആക്ടിംഗ് അമീറായി സേവനമനുഷ്ഠിച്ച ഹാമിദ് ഹുസൈൻ സാഹിബ് 1956 മുതൽ 1969 വരെ അസിസ്റ്റന്റ് സെക്രട്ടറിയായും 1969 മതൽ 73 വരെ ഫൈനാൻസ് സെക്രട്ടറിയായും പ്രവർത്തിച്ചു. പിന്നീട് 1985-ൽ മരണമടയുന്നതുവരെ അദ്ദേഹം ജമാഅത്തെ ഇസ്ലാമി ഉത്തർപ്രദേശ് ഹൽഖയുടെ അമീറായിരുന്നു. ജനങ്ങളെ സംഘടിപ്പിക്കുന്നതിലും തർബിയത്ത് നൽകുന്നതിലും പ്രത്യേക പാടവം പ്രദർശിപ്പിച്ചിരുന്ന ഹാമിദ് ഹുസൈൻ സാഹിബ് കഴിവുറ്റ ഒരെഴുത്തുകാരനും പ്രസംഗകനുമായിരുന്നു. പൊതുയോഗങ്ങളിൽ ചോദ്യോത്തരസദസ്സുകൾ സംഘടിപ്പിച്ചു സംശയദൂരീകരണവും ബോധവൽക്കരണവും നടത്തുന്നതിൽ പ്രത്യേക വൈഭവം തന്നെ അദ്ദേഹത്തിനുണ്ടായിരുന്നു. പ്രസംഗങ്ങളിൽ ഉച്ചാരണത്തിലും ശൈലിയിലും പ്രത്യേകം ശ്രദ്ധിച്ചിരുന്ന അദ്ദേഹം ചില പ്രത്യേക വാക്കുകൾ പ്രത്യേക ശബ്ദത്തിലാണ് ഉച്ചരിക്കുക. ഹാമിദ് ഹുസൈൻ സാഹിബിന്റെ വിയോഗത്തോടെ ജമാഅത്തിന് പ്രഗത്ഭനായ ഒരു പ്രാസംഗികനെയാണ് നഷ്ടപ്പെട്ടതെന്നു പറഞ്ഞാൽ അതിശയോക്തിയാവുകയില്ല. 1985 സെപ്തംബർ 20-ന് ഹജ്ജിനു വേണ്ടി പോയ സന്ദർഭത്തിൽ മക്കയിൽ വച്ചുണ്ടായ ഒരു കാറപകടമാണ് അദ്ദേഹത്തിന്റെ അന്ത്യത്തിന് കാരണമായത്. ഖബറടക്കം മക്കയിൽ തന്നെ നടന്നു.

## മൗലാനാ സൽമാൻ നദ്വി

ഹിന്ദു കുടുംബത്തിൽ ജനിച്ചു വളർന്നു സ്വന്തം വായനയിലൂടെ ഇസ്ലാമിനെ കണ്ടെത്തുകയും ഇസ്ലാമിക വിജ്ഞാനം പഠിച്ച് വലിയൊരു മതപണ്ഡിതനാവുകയും ഇസ്ലാമിക പ്രസ്ഥാനത്തിന്റെ ഉന്നതമായ പദവികളിൽ എത്തിച്ചേരുകയും ചെയ്ത മഹാഭാഗ്യശാലിയാണ് മൗലാനാ സൽമാൻ നദ്വി സാഹിബ്. ഒരേ സമയത്ത്, ജമാഅത്തിന്റെ ഉർദു പത്രമായ 'ദഅ്വത്തി'ന്റെയും അറബി പത്രമായ 'അദ്ദഅ്വ'യുടെയും പത്രാധിപസ്ഥാനം അലങ്കരിച്ച സൽമാൻ നദ്വി അഅ്സംഗഡിലെ ഒരു രജപുത്ര കുടുംബത്തിലാണ് ജനിച്ചത്. തന്റെ വായനാ താൽപര്യം ചെറുപ്പത്തിൽ തന്നെ അദ്ദേഹത്തെ ഇസ്ലാമിലേക്ക് ആകർഷിക്കുകയും അത് അവസാനം ഇസ്ലാമിലേക്കുള്ള പരിവർത്തനത്തിൽ അദ്ദേഹത്തെ എത്തിക്കുകയും ചെയ്തു. ലഖ്നോവിലെ നദ്വത്തുൽ ഉലമായിൽ നിന്ന് ബിരുദമെടുത്ത ശേഷം കപൂർത്തലയിൽ താസിക്കുന്ന കാലത്താണ് ആദ്യമായി ജമാഅത്തെ ഇസ്ലാമിയുമായി ബന്ധപ്പെടുന്നത്. 1946-ൽ പഠാൻകോട്ടിലെ ദാറുൽ ഇസ്ലാമിൽ പോയി മൗലാനാ മൗദൂദിയുമായി സന്ധിച്ചു. അവിടെവെച്ച് മൗലാനാ മസ്ഊദ് ആലം നദ്വി, അദ്ദേഹത്തിന് മൗലാനാ ഹസനൈൻ സയ്യിദിനെ പരിചപ്പെടുത്തിക്കൊടുത്തു. ദർസ്ഗാഹ് സ്ഥാപിച്ചത് ഹസനൈൻ സയ്യിദും സൽമാൻ നദ്വിയും കൂടിയാണ്. 1946 മുതൽ 1962 വരെ അവിടെ അധ്യാപകനായി സേവനമനുഷ്ഠിച്ചു. ഇക്കാലത്ത് ബീഹാറിലെ 72 വിദ്യാലയങ്ങളുടെയും ഇസ്ലാംനഗറിന്റെയും മേൽനോട്ടം സൽമാൻ നദ്വിക്കായിരുന്നു. 1961 ൽ ഉത്തരബീഹാർ ഹൽഖയുടെ അമീറായി. പിന്നീട് കേന്ദ്രത്തിലേക്കു വിളിക്കപ്പെടുകയും മൗലാനാ മുഹമ്മദ് മുസ്ലിം സാഹിബിന്റെ 'ദഅ്വത്തി'ൽ അസിസ്റ്റന്റ് എഡിറ്ററായി നിയമിക്കപ്പെടുകയും ചെയ്തു. അതിനുശേഷം 'അദ്ദഅ്വ'യുടെ എഡിറ്ററായും നിയമിതനായി. 1989 നവമ്പർ 21-ന് മരണപ്പെട്ടതിന്റെ ഏതാനും വർഷങ്ങൾക്ക് മുമ്പ് 'ദഅ്വത്തി'ൽ നിന്നു വിരമിച്ചിരുന്നു. കേന്ദ്ര ശൂറയിൽ മെമ്പർ കൂടിയായിരുന്നു അദ്ദേഹം.

## മൗലാനാ ജലീൽ അഹ്സൻ നദ്വി (1924 – 1986)

പ്രഗത്ഭനായൊരു ഹദീസ് പണ്ഡിതനായിരുന്നു മൗലാനാ ജലീൽ അഹ്സൻ നദ്വി. 1924-ൽ യു.പിയിലെ അഅ്സംഗഡ് ജില്ലയിലാണദ്ദേഹം ജനിച്ചത്. ചെറുപ്പത്തിലേ പോളിയോ ബാധിച്ച് വലതുഭാഗം തളർന്നുപോയിരുന്ന അദ്ദേഹം പ്രതികൂല സാഹചര്യത്തെ അതിജീവിച്ചു കൊണ്ട് മഹത്വത്തിന്റെ സോപാനങ്ങൾ കീഴടക്കുകയായിരുന്നു. ദയൂബന്ദ് ദാറുൽ ഉലൂമിലെ മദ്രസത്തുൽ ഇസ്ലാഹ്, സാബിലെ ദാറുൽ ഉലൂം, നദ്വത്തുൽ ഉലമാ ലഖ്നോ എന്നിവിടങ്ങളിൽ നിന്നാണ് വിദ്യാഭ്യാസം പൂർത്തിയാക്കിയത്. 1946-ൽ ജമാഅത്തിൽ ചേർന്നു അദ്ദേഹം. ദാറുൽ അറൂബയിൽ മൗലാനാ മസ്ഊദ് ആലം നദ്വിയോടൊന്നിച്ച് ജമാഅത്ത് സാഹിത്യങ്ങളുടെ അറബി വിവർത്തനം തയാറാക്കുന്നതിൽ മുഴുകിയ അദ്ദേഹത്തിന് കാലാവസ്ഥയുടെ പ്രാതികൂല്യവും തന്റെ മോശമായ ആരോഗ്യസ്ഥിതിയും കാരണമായി ആ ജോലിയിൽ തുടരാൻ സാധിച്ചില്ല. ദാറുൽ അറൂബ വിട്ടശേഷം മദ്രസത്തുൽ ഇസ്ലാഹിൽ അധ്യാപകനായി ചേർന്ന അദ്ദേഹം 1953-ൽ റാംപൂരിലെ മദ്രസത്തുൽ ഇസ്ലാഹിലേക്കുമാറി. പിന്നീട് ബലേറിയാഗഞ്ചിലെ ജാമിഅത്തുൽ ഫലാഹ്, കരീം നഗരി (ആന്ധ്രാ)ലെ ജാമിഅ ദാറുൽ ഹുദാ എന്നിവിടങ്ങളിലും സേവനമനുഷ്ഠിച്ചു. അധ്യാപനം അദ്ദേഹത്തിന്റെ ഇഷ്ടജോലിയായിരുന്നു. ജലീൽ അഹ്സൻ സാഹിബിന്റെ നൂറുക്കണക്കിന് ശിഷ്യന്മാർ ഇന്ന് ഇസ്ലാമിക പ്രസ്ഥാനത്തിന്റെ കർമഭടന്മാരായുണ്ട്. അദ്ദേഹത്തിന്റെ ലേഖനങ്ങളും ഹദീസ് ഭാഷ്യങ്ങളുമടങ്ങുന്ന "സാദെരാഹ്" എന്ന കൃതിക്ക് ഇന്ത്യയിലും പാക്കിസ്ഥാനിലുമായി അമ്പതിൽപരം പതിപ്പുകൾ പുറത്തിറങ്ങിയിട്ടുണ്ട്. 1986-ലാണ് ജലീൽ അഹ്സൻ സാഹിബ് അന്തരിച്ചത്.